# നിലപാടു മാറ്റണം

## ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

ഓർത്തഡോക്സ് പ്രാർത്ഥനകളിൽ ദൈവപ്രസവിത്രിക്കുള്ള സ്ഥാനം മറ്റാർക്കും തന്നെ ഇല്ല. നമ്മുടെ കർത്താവിന്റെ ഏക മദ്ധ്യസ്ഥതയ്ക്ക് (1 തീമൊ. 2:5) ഇതുകൊണ്ട് ഒരു കോട്ടവും സംഭവിക്കുന്നില്ല. എന്തെന്നാൽ തന്റെ "ഏകജാതനോട് അഭ്യർത്ഥിക്കേണമേ" എന്നാണു നാം അപേക്ഷിക്കുന്നത്. യഥാർത്ഥത്തിൽ പ്രാർത്ഥന എപ്പോഴും വി. ത്രിത്വത്തോടാണ്. We pray to God and invoke the Blessed Virgin Mary and the Saints. മാതാവിനോട് നമുക്കുവേണ്ടി പ്രർത്ഥിക്കണമേ എന്ന് അപേക്ഷിക്കുകയല്ലാതെ പ്രാർത്ഥിക്കുന്നില്ല. ആരാധനയും പ്രാർത്ഥനയും എപ്പോഴും ദൈവത്തോടാണ്. എന്നാൽ മാതാവിനെ ബഹുമാനിക്കുകയും ആദരിക്കുകയും മാതാവിന്റെ മദ്ധ്യസ്ഥതയ്ക്കായി യാചിക്കുകയും ചെയ്യുന്നു. ഈ ലോകത്തിൽ ജീവിക്കുന്നവർ, പരസ്പരം മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നതിനെ എതിർക്കാത്തവർ, വാങ്ങിപ്പോയ വിശുദ്ധന്മാരെ അതിൽ നിന്നു മാറ്റിനിറുത്തുന്നതു സഭയുടെ ഏകത്വവും സജീവത്വവും സ്നേഹബന്ധവും ഒരുനാളും നശിക്കുന്നില്ല എന്നറിയാത്തതിനാലാണ് (ലേഖകന്റെ *മൂന്നു വിശ്വാസസത്യങ്ങൾ* എന്നു ചെറുഗ്രന്ഥം നോക്കുക).

### (a) വൈരുദ്ധ്യ നിലപാടുകൾ മാറ്റണം

സഹോദരീസഭകളെ കുറ്റം പറയുന്നതു സന്തോഷമുള്ള കാര്യമല്ല. ചില ഓർത്തഡോക്സ് സഭാംഗങ്ങളും റോമൻ കത്തോലിക്കരെപ്പോലെ തന്നെ മാതാവിനു കർത്താവിനേക്കാൾ ഉന്നതമായ സ്ഥാനം കൊടുക്കുന്നുണ്ട്. അതുപോലെ മാതാവിന് അർഹമായ ബഹുമാനം കൊടുക്കാത്ത ഓർത്തഡോക്സ് സഭാംഗങ്ങളും ഉണ്ട്. എങ്കിലും പൊതുവായി നോക്കിയാൽ സഭയുടെ ഔദ്യോഗിക പഠിപ്പിക്കലിൽത്തന്നെ മേൽപ്പറഞ്ഞ രണ്ടു വിഭാഗങ്ങൾ തമ്മിൽ ധ്രുവാന്തരം ഉണ്ട്. തെക്കേ അമേരിക്കയിലെ പോപ്പുലർ ഡിവോഷന്റെ സ്വഭാവം കാണിക്കുവാൻ "ഈശോയെ, മാതാവിനോട് ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ" എന്ന് ആരോ പ്രാർത്ഥിച്ചതായി കളിയാക്കി പറഞ്ഞു കേട്ടിട്ടുണ്ട്. മാതാവിനെ Co- Mediatrix (സഹ

---

മറിയവിജ്ഞാനീയത്തിൽ പ്രത്യേക പഠനം നടത്തിയ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ചർച്ച് വീക്കിലിയിൽ (1977 മാർച്ച് 27) എഴുതിയ ലേഖനം.

മദ്ധ്യസ്ഥ), Co Redeemer (സഹവീണ്ടെടുപ്പുകാരി) എന്നെല്ലാം പഠിപ്പിക്കുന്നതിന്റെ ആപത്താണ് ഇത്. നമ്മുടെ കർത്താവ് ജനിക്കുന്നതിനു മാതാവ് ആവശ്യമായിരുന്നു എന്ന് എല്ലാവരും സമ്മതിക്കുമെങ്കിലും കർത്താവും മാതാവും കൂടിയാണ് ലോകത്തെ രക്ഷിച്ചത് എന്നു പറയുന്നതു മാതാവിനെ ക്രൂശിന്റെ ചുവട്ടിൽനിന്നു ക്രൂശിലേക്കു കയറ്റുന്നതിന് തുല്യമാണ്. "ഞാൻ ഏകനായി മുന്തിരിച്ചക്കു ചവിട്ടി" (യശ. 63:3) എന്നു പറയാവുന്ന ഏക രക്ഷിതാവാണ് യേശുക്രിസ്തു. യേശുക്രിസ്തുവിനെ ഭൂമിയിലേയ്ക്ക് കൊണ്ടുവരാൻ മാതാവിന്റെ സ്വഭാവനൈർമ്മല്യവും സ്വീകരണമനസ്സും, അർപ്പണവും വേണമായിരുന്നു. എന്നാൽ നമ്മെ സ്വർഗ്ഗത്തിലേക്കു കയറ്റുന്ന കോവണി യേശുക്രിസ്തു തന്നെയാണ്.

മാർട്ടിൻ ലൂഥറിന്റെ കാലത്തു ലൂഥർ സ്വീകരിച്ചിരുന്ന മറിയ വിജ്ഞാനീയം പോലും അചിരേണ പ്രോട്ടസ്റ്റന്റു വിഭാഗങ്ങൾ ഉപേക്ഷിച്ചതു നിർഭാഗ്യകരമായിപ്പോയി എന്നും പറയേണ്ടിയിരിക്കുന്നു. "കൃപ നിറഞ്ഞ മറിയമേ'' എന്ന പ്രാർത്ഥനയിൽ "ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ" എന്ന ഭാഗമൊഴിച്ചു ബാക്കി മുഴുവനും പുതിയനിയമത്തിലെ ഉദ്ധരണികൾ ആയിട്ടുപോലും ആ പ്രാർത്ഥന ചൊല്ലുന്ന പ്രോട്ടസ്റ്റന്റുകാർ തുലോം ചുരുങ്ങും. "വിശുദ്ധന്മാരുടെ സംസർഗ്ഗത്തിൽ വിശ്വസിക്കുന്നു" എന്ന് അപ്പോസ്തലിക്ക് വിശ്വാസപ്രമാണത്തിൽ ഏറ്റുപറയുന്നുണ്ടെങ്കിലും അതിൽ വിശ്വാസം ഉണ്ടോ എന്നു സംശയിക്കത്തക്കവണ്ണമാണു വാങ്ങിപ്പോയവരുടെ മദ്ധ്യസ്ഥത അപേക്ഷിക്കാതിരിക്കുന്നതും, അവർക്കുവേണ്ടി പ്രാർത്ഥിക്കാതിരിക്കുന്നതും. നിഷേധാത്മകമായ ഈ നിലപാടിനു കാരണം 16-ാം നൂറ്റാണ്ടിൽ റോമൻ കത്തോലിക്കാസഭയിൽ പാപമോചനച്ചീട്ടു വിറ്റതാണ് (Sale of Indulgences) എന്നു പറയാമെങ്കിലും എക്യുമെനിസത്തിന്റെ ഈ കാലത്തു പുതിയ ഒരു സമീപനം എല്ലാ ഭാഗത്തും ആവശ്യമാണ്. മാതാവിന്റെ മദ്ധ്യസ്ഥതയ്ക്കുള്ള അപേക്ഷ പത്തു പ്രാവശ്യം ചൊല്ലുമ്പോൾ ഒരിക്കൽ മാത്രം കർത്തൃപ്രാർത്ഥന ചൊല്ലുന്നതിന്റെ റിയാക്ഷൻ ആയി പ്രോസ്റ്റന്റന്റു വിഭാഗം 'കൃപ നിറഞ്ഞ മറിയമെ' എന്ന പ്രാർത്ഥന മുഴുവനായി പരിത്യജിച്ചിരിക്കുന്നതു ശരിയോ എന്ന സ്വയപരീക്ഷ നടത്തേണ്ടതത്രെ.

## (b) അമലോത്ഭവസിദ്ധാന്തം പരിത്യജിക്കണം

പ്രോട്ടസ്റ്റന്റ് - ഓർത്തഡോക്സ് വിഭാഗങ്ങളെ പ്രീണിപ്പിക്കുവാനല്ല സുവിശേഷത്തിന്റെ സത്ത നിലനിർത്തുവാനാണ് അമലോത്ഭവസിദ്ധാന്തം കൈവെടിയേണ്ടത്. ആ സിദ്ധാന്തം ഉദ്ധരിക്കാം: "We define that Blessed Virgin Mary in the first moment of her conception, by the singular grace and Privilege of Almighty God, in virtue of the merits of Jesus Christ, the Saviour of the human race was presensed free from every stain of

original sin" (Gibbon's Faith of our Fathers, p. 171). ഈ നിർവചനമനുസരിച്ച് മാതാവ് പ്രത്യേകമായി മനുഷ്യാവതാരത്തിനായി സൃഷ്ടിക്കപ്പെട്ട ഒരു വ്യക്തിയത്രെ.

(1) അങ്ങനെയാണെങ്കിൽ മാതാവ് പാപം ചെയ്യാതിരുന്നാൽ പ്രത്യേക മേന്മയൊന്നുമില്ല; പാപത്തിലേയ്ക്കുള്ള ചായ്‌വില്ലാതെ സൃഷ്ടിക്കപ്പെടുന്നതുകൊണ്ടാണു പാപം ചെയ്യാതിരുന്നത് എന്നു വരും.

(2) മാതാവിനു ജന്മപാപവും, കർമ്മപാപവും ഇല്ലാതിരുന്നതിനാൽ ആ മാതാവിന് തന്നെ ലോകത്തെ രക്ഷിക്കാമായിരുന്നു.

(3) "നല്ലവൻ ആരുമില്ല; ഒരുത്തൻ പോലുമില്ല" എന്ന വേദസത്യം തിരുത്തേണ്ടതായി വരും.

(4) മനുഷ്യാവതാരത്തിനു മുമ്പ് ഒരു വ്യക്തിക്ക് ക്രിസ്തുവിന്റെ പുണ്യത്താൽ പാപരാഹിത്യം കൊടുക്കാമെങ്കിൽ മാനവരാശിക്കു മുഴുവനും അപ്രകാരംതന്നെ അതു കൊടുക്കാം.

(5) തോമസ് അക്വിനാസ് ചൂണ്ടിക്കാണിച്ചതുപോലെ കർത്താവ് എല്ലാവരുടേയും രക്ഷിതാവ് അല്ലെന്നു വരും.

(6) 'കൃപ' അനർഹർക്കു കൊടുക്കുന്നതാണ്, അർഹതയുള്ളവർക്കു നൽകുന്ന കൂലിയല്ല. മാതാവ് അമലോത്ഭവയായിരുന്നുവെങ്കിൽ കൃപയുടെ ആവശ്യം വേണ്ടിവരികയില്ലായിരുന്നു.

(7) എല്ലാറ്റിനും മേലായി, നമ്മുടെ വീണ്ടെടുപ്പ് നടന്നില്ല എന്നു വരും. അപ്പൊല്ലോറിയനിസത്തിനു എതിരായി പിതാക്കന്മാർ പറഞ്ഞതുപോലെ "അവൻ സ്വീകരിക്കാത്തതിനെ അവനു വീണ്ടെടുക്കുവാൻ കഴിയുകയില്ലായിരുന്നു" ("He could not redeem that which he did not assume"). നമ്മുടെ ഇടയിൽ നമ്മെപ്പോലെ ജനിച്ച ഒരാളിന്റെ ശരീരമല്ല താൻ എടുത്തതെങ്കിൽ, അങ്ങനെ വീണ്ടും എടുത്തു നമ്മെ വീണ്ടെടുക്കണം. മാതാവ് ശുദ്ധീകരിക്കപ്പെട്ടതു വചനിപ്പിന്റെ സമയത്തായിരുന്നതിനാൽ നമ്മുടെ വീണ്ടെടുപ്പ് ആ ശരീരത്തിൽ നടന്നു എന്ന് ഓർത്തഡോക്സ് സഭ പഠിപ്പിക്കുന്നു. അതിനാൽ ചരിത്രപരമായ മനുഷ്യാവതാരം മാതാവിന്റെ പോലും വീണ്ടെടുപ്പിനു ആവശ്യമായിരുന്നു. കാന്തീകരിക്കപ്പെട്ട ഇരുമ്പുപോലെ നമ്മുടെ അസ്ഥിയിൽനിന്നു അസ്ഥിയും, മാംസത്തിൽനിന്നു മാംസവുമായ മാതാവിനെ വചനിപ്പിനാൽ വിശുദ്ധീകരിച്ചതോടുകൂടി നമ്മുടെ വീണ്ടെടുപ്പ് ആരംഭിക്കുകയും, തന്റെ ക്രൂശുമരണവും ഉയിർപ്പും മൂലം അത് പൂർത്തീകരിക്കപ്പെടുകയും ചെയ്തെങ്കിലും തന്റെ പുനരാഗമനംവരെ നാമും രക്ഷാപൂർത്തി പ്രാപിക്കുന്നില്ല (എബ്രാ. 11:40).

## (c) പ്രോട്ടസ്റ്റന്റു വിഭാഗങ്ങളോട് ഒരു വാക്ക്

റോമൻ കത്തോലിക്കാ സഭയിൽ ചില ഉപദേശപ്പിശകുകൾ കടന്നു കൂടിയപ്പോൾ ലൂഥറിനെ ദൈവം എഴുന്നേൽപ്പിച്ച് ഒരു നവീകരണം നടത്തിയതാണെന്ന് റോമൻ കത്തോലിക്കർ പോലും ഇന്നു സമ്മതിക്കുന്നു. ലൂഥറിനെ ഒരു പരിശുദ്ധനായി പ്രഖ്യാപിക്കണം എന്നുവരെ മുറവിളി കൂട്ടുന്നവർ കത്തോലിക്കരുടെ ഇടയിലുണ്ട്. എന്നാൽ "കുഞ്ഞിനെ കുളിപ്പിച്ച അഴുക്കുവെള്ളം പാളയിൽനിന്ന് കളഞ്ഞപ്പോൾ കുഞ്ഞിനെപ്പോലും ലൂഥർ കളഞ്ഞു" എന്നു വിചാരിക്കുന്ന പ്രോട്ടസ്റ്റന്റു സഭാംഗങ്ങളും ഉണ്ട്. ആ പ്രസ്താവനയിലും കുറെ സത്യം ഇല്ലാതില്ല. ഏതായാലും അങ്ങനെ നഷ്ടപ്പെട്ട ഒരു അമൂല്യസമ്പത്താണു മറിയാമിനോടുള്ള ബഹുമാനം എന്നു പ്രോട്ടസ്റ്റന്റു സ്നേഹിതന്മാർ സമ്മതിക്കുന്നത് കൊള്ളാം. ക്രൂശിൽ മാതാവിനെക്കൂടി കാണുന്ന റോമൻ കത്തോലിക്കാ മറിയവിജ്ഞാനീയം ഉപേക്ഷിക്കണമെന്നല്ലാതെ ക്രൂശിന്റെ ചുവട്ടിൽ എല്ലാവരേക്കാൾ അടുത്തുനിൽക്കുന്ന മറിയാമിനെ അവിടെനിന്നു അകറ്റിയതു പുനഃസ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. താഴെപ്പറയുന്ന കാര്യങ്ങൾ വി. വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽതന്നെ പ്രോട്ടസ്റ്റന്റു വിഭാഗങ്ങൾക്കു കൂടെ സമ്മതിക്കാമല്ലൊ.

1. ക്രിസ്തു ദൈവമാകയാൽ ക്രിസ്തുവിനെ പ്രസവിച്ചവൾ ദൈവപ്രസവിത്രി തന്നെയാണ്.

2. ഒന്നാമത്തെ ഹവ്വാ വരുത്തിയ പാപത്തിന്റെ പ്രായശ്ചിത്തം രണ്ടാം ആദാം സാധിച്ചതിനു മാതാവ് മുഖാന്തിരമായതിനാൽ മറിയാമിനെ രണ്ടാമത്തെ ഹവ്വാ എന്നും നാമകരണം ചെയ്യാം. 'ഏക മനുഷ്യനാൽ ഉണ്ടായപാപത്താൽ മരണം എല്ലാവരിലും കടന്നതുപോലെ ഏകന്റെ അനുസരണത്താൽ നീതീകരണവും ജീവനും ഏവർക്കും കടന്നു' എന്ന (റോമർ 5:2-21) സിദ്ധാന്തത്തിന് ഇതുകൊണ്ട് ഹാനി ഭവിക്കുന്നില്ല താനും.

3. ഗബ്രിയേൽ മാലാഖയും, ഏലിശബേത്തും കർത്താവിന്റെ പ്രസംഗം കേട്ട സ്ത്രീയും വാഴ്ത്തിയതുപോലെയും എല്ലാ തലമുറകളും ഭാഗ്യവതി എന്നു വാഴ്ത്തുന്ന മാതാവിനെ വാഴ്ത്താതിരിക്കുന്ന രീതി അചിരേണ കുറയ്ക്കുകയും 'കൃപ നിറഞ്ഞ മറിയമേ നിനക്ക് സമാധാനം' എന്ന അപേക്ഷ ചൊല്ലുകയും ചെയ്യുന്നത് സഭകളുടെ പുനരൈക്യത്തിനും സഹായകമായിരിക്കും. കാനാവിലെ കല്യാണവീട്ടിൽ മാതാവിന്റെ മദ്ധ്യസ്ഥതയിൽ ആദ്യ അത്ഭുതം പ്രവർത്തിച്ച കർത്താവ് ഇന്നും മാതാവിന്റെ മദ്ധ്യസ്ഥതയ്ക്കു പ്രത്യേക പ്രാധാന്യം കല്പ്പിക്കാതിരിക്കുമോ?

4. കർത്താവിന്നു കൊടുക്കേണ്ട സ്ഥാനം മാതാവിന് കൊടുത്തതു

കൊണ്ട് ഓർത്തഡോക്സ്, റോമൻകത്തോലിക്കാ സഭകൾ നടത്തുന്ന ചില അപേക്ഷകൾ അധികമായിപ്പോകുന്നു എന്നു ചൂണ്ടിക്കാണിക്കുകയും അതേസമയത്തു മാതാവ് എല്ലാ പരിശുദ്ധന്മാരിലും ഉപരിയായി ശുദ്ധിമതിയാണെന്നു സമ്മതിക്കുകയും ചെയ്തു.

സഭകളെ തമ്മിൽ അകറ്റിനിർത്തുന്ന വിശ്വാസവിഷയങ്ങളിലെ അതിപ്രധാനമായ ഒന്നാണു മറിയവിജ്ഞാനീയം. അത് ഒരുമിച്ചിരുന്നു പഠിക്കുന്നതുതന്നെ പ്രയോജനകരമാണെന്ന് ഈ വിഷയം കൂടി പഠിക്കുവാൻ പൂനയിൽ 1972-ൽ കൂടിയ ഫെയിത്ത് ആന്റ് ഓർഡർ കമ്മിറ്റിയിൽപ്പെട്ട ഏവരും സമ്മതിക്കുകയുണ്ടായി. ആ പഠനവും നിഗമനങ്ങളും ബിഷോപ്പ് ന്യൂബിഗന്റെ മേൽനോട്ടത്തിൽ ഇംഗ്ലീഷിൽ അച്ചടിച്ചിട്ടുള്ളതു കേരളത്തിലേയും എല്ലാ പള്ളികളിലും പഠിക്കുന്നതു സഹായകമായിരിക്കും. വിശിഷ്യ പ്രോട്ടസ്റ്റന്റു വിഭാഗത്തിൽനിന്നു വന്നവർ ഈ വിഷയം തന്നെ അവർക്കു പുതുമയാണെന്നു ചൂണ്ടിക്കാണിച്ചു. "തിയോളജി ആവശ്യമില്ല. ക്രിസ്തു മതി" എന്നു പറയുന്നവർ യോഹന്നാന്റെ സുവിശേഷം, റോമാ ലേഖനം, എഫേസ്യ ലേഖനം മുതലായവ തിയോളജി ആണെന്നു അറിയുന്നതു കൊള്ളാം. തിയോളജിയില്ലാതെ ഒരു സഭയ്ക്കും നിലനിൽക്കുവാനോ, സംശയിക്കുന്നവരെ ഉറപ്പിക്കുവാനോ, വിശ്വാസത്തെക്കുറിച്ചു ക്രിസ്തേതരരെ പഠിപ്പിക്കുവാനോ സാധ്യമല്ല. അതിനാൽ ക്രിസ്തുശാസ്ത്രത്തിന്റെയും സഭാവിജ്ഞാനീയത്തിന്റെയും ഒരു ഭാഗമായ മറിയവിജ്ഞാനീയവും നമുക്ക് കൂടുതലായി പ്രാർത്ഥനയോടെ പഠിക്കാം.